# *വെച്ചൂർ ഗ്രാമപഞ്ചായത്ത്*

## *2025–26 ബഡ്ജറ്റ്*

## *ആമുഖ പ്രസംഗം*

*പ്രിയ സുഹൃത്തുക്കളേ,*

"കേട്ട ഈണങ്ങൾ മധുരമുള്ളവയാണ്, പക്ഷേ കേൾക്കാത്തവ അതിലും മധുരമുള്ളവയാണ്" വിഖ്യാത ഇംഗ്ലീഷ് കവി ജോൺ കീറ്റ്സിന്റെ കവിതാ ശകലത്തിലൂടെ വെച്ചൂരിന്റെ വികസന സ്വപ്നങ്ങളിലൂടെയുള്ള യാത്ര തുടങ്ങാം. ഗ്രാമീണ മേഖലയിലെ വികസന നേട്ടങ്ങൾ കൊണ്ട് സംസ്ഥാന തലത്തിൽ തന്നെ സ്വയം അടയാളപ്പെടുത്തിയ നമ്മുടെ ഇന്നലെകൾക്കൊപ്പം ശോഭനമായ ഒരു ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഈ കവിതാശകലം പോലെ നാളെയുടെ പ്രതീക്ഷയാണ്.വെച്ചൂർ ഗ്രാമപഞ്ചായത്ത് ഒട്ടേറെ പുരസ്കാരങ്ങൾ കൊണ്ടും, നേട്ടങ്ങൾ കൊണ്ടും സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്താണ്. കുറഞ്ഞ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മികച്ച പദ്ധതികളും, ബജറ്റും എങ്ങനെ ഒരു ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുന്നു എന്നതിലാണ് പഞ്ചായത്തിന്റെ വികസനത്തിന്റെ താക്കോൽ ഇരിക്കുന്നത്. ഗ്രാമപഞ്ചായത്തിനേയും, ഘടക സ്ഥാപനങ്ങളെയും, ഒട്ടേറെ പുരസ്കാരങ്ങൾ വാങ്ങിക്കൂട്ടാൻ സഹായിക്കുന്ന ബജറ്റും, പദ്ധതികളും തയാറാക്കുന്നതിലാണ് പഞ്ചായത്തിന്റെ വിജയം.

ബജറ്റ് ഒരു ഗുണപരമായ പദ്ധതിയാകണം; വരുമാനത്തിനനുസരിച്ച് ചെലവ് നിയന്ത്രിക്കുന്ന ഒരു കലയാണ് അത്.ഭാവിയിലേക്ക് കരുതി വെച്ചുകൊണ്ട് , ഗ്രാമത്തിൽ നിന്നും നഗരത്തിലേക്ക് മെല്ലെ പരിണമിക്കുന്ന ഒരു ഇടത്തെ പരുവപ്പെടുത്തുക എന്നതൊരു വെല്ലുവിളി തന്നെയാണ്. ആവശ്യങ്ങൾക്കും, ആഗ്രഹങ്ങൾക്കും അന്ത്യമില്ല. ആവശ്യങ്ങളും, ആഗ്രഹങ്ങളും ഉണ്ടായാലേ അതിനനുസരിച്ച് പദ്ധതികളും ബജറ്റും രൂപപ്പെടുകയുള്ളൂ. അതിലൂടെ മാത്രമേ വികസനവും സാധ്യമാവുകയുള്ളൂ. മാലിന്യമുക്തവും, ദാരിദ്ര്യ മുക്തവും,ലഹരി മുക്തവുമായ ഒരു ഗ്രാമം പ്രഖ്യാപിത ലക്ഷ്യമാക്കി നാം മുന്നോട്ടുപോകണം.പഞ്ചായത്തിന്റെ വികസനക്കുതിപ്പിന് വിഘാതം സൃഷ്ടിക്കുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിന് അനിവാര്യമായും ലഭിക്കേണ്ട പദ്ധതി വിഹിതം ലഭിക്കുന്നതിന് കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഉണ്ടായ തടസ്സങ്ങൾ ഈ സാമ്പത്തിക വർഷത്തിലും നാം പ്രതീക്ഷിക്കേണ്ടതുണ്ട്. ഇതെല്ലാം തരണം ചെയ്തു വേണം സമ്പൂർണ്ണ വികസനമെന്ന സ്വപ്നത്തിലേക്ക് നാം തുഴഞ്ഞ് നീങ്ങേണ്ടത്

ലോകത്തിലൊരു ശക്തിക്കും നിശ്ചയദാർഢ്യമുള്ള ഒരാശയത്തെ തടുത്തു നിർത്താൻ കഴിയില്ലെന്ന വിക്ടർ ഹ്യൂഗോയുടെ വാക്കുകൾ നമുക്ക് നമ്മുടെ പശ്ചാത്തലത്തിലേക്ക് മാറ്റിയെഴുതാം. നാടിന്റെ നന്മ ചോരാത്ത, വികസനത്തിനായി കർമ്മ രംഗത്തിറങ്ങുന്ന നമ്മെ ഒരു ശക്തിക്കും പിന്തിരിപ്പിക്കാനാകില്ല. നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതികൾക്ക് രൂപം നൽകുകയും സുതാര്യത ഉറപ്പാക്കി നടപ്പിലാക്കുകയും ചെയ്യുന്ന എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആസൂത്രണ സമിതി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. വെച്ചൂർ ഗ്രാമ പഞ്ചായത്തിന്റെ 2025-26 വാർഷിക ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ അംഗീകാരത്തിനായി വിനയപൂർവം സമർപ്പിക്കുന്നു.

കെ ആർ ഷൈലകുമാർ

പ്രസിഡന്റ്

വെച്ചൂർ ഗ്രാമപഞ്ചായത്ത്

*ബജറ്റ് നോട്ട് – 2025/2026*

**" ഏത് തീരുമാനം എടുക്കുമ്പോഴും നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖം ഓർക്കുക. ഈ നടപടി അവർക്ക് എന്ത് ഗുണമാണ് ചെയ്യാൻ പോകുന്നത് എന്ന് ആലോചിക്കുക ".**

**മഹാത്മാഗാന്ധി.**

ബഹുമാന്യരെ,

മഹാത്മാഗാന്ധിയുടെ ഈ മഹത്തായ സന്ദേശം ഉൾക്കൊണ്ടു കൊണ്ടു തന്നെ വെച്ചൂർ ഗ്രാമപഞ്ചായത്തിലെ 2025-26 സാമ്പത്തിക വർഷത്തിലേക്കുള്ള ബജറ്റ് അവതരണത്തിലേക്ക് കടക്കുന്നത് ഏറെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും എല്ലാത്തിനുമുപരിയായി തികഞ്ഞ സംതൃപ്തിയോടെയുമാണ് പഞ്ചായത്ത്കമ്മിറ്റിക്ക് മുന്നിൽ അവതരിപ്പിക്കുന്നത്. 2020-25 എന്ന ഈ ഭരണസമിതി കാലകഘട്ടത്തില് 4 ബജറ്റ് അവതരണത്തിലൂടെ നമുക്ക് നടപ്പിലാക്കാൻ ആയതും നടപ്പിലാക്കി വിജയിച്ചതുമായ പദ്ധതികള് ഉദാഹരണമായി ചൂണ്ടികാണിച്ചുകൊണ്ട് തന്നെ ജനക്ഷേമകരങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന നമ്മുടെ ശൈലി തുടർന്നും ഈ ഭരണസമിതിയുടെ കാലാവധിക്കുള്ളിലെ അവസാന സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികളും അവയ്ക്കായി നീക്കി വച്ചിട്ടുള്ള തുകയും ഈ ബജറ്റിലൂടെ അവതരിപ്പിക്കുന്നു.

*14–ാം പഞ്ചവത്സര പദ്ധതി അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. ജനകീയ പ്രാദേശികവികസനത്തിന്റെ കഴിഞ്ഞ പദ്ധതിക്കാലത്ത് കേരളത്തിലെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പ്രാദേശിക ഭരണകൂടങ്ങൾ എന്ന നിലയിൽ ഏറെമുന്നോട്ട് പോയിക്കഴിഞ്ഞു. അധികാരവും, പണവും അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനുള്ള കഴിവും നാം ആർജ്ജിച്ചുകഴിഞ്ഞു. തിരിഞ്ഞു നോക്കുമ്പോൾ നാം ആർജ്ജിച്ച കഴിവിനൊത്ത് പ്രാദേശികവികസനം പൂർണ്ണതയിൽ എത്തിക്കുവാൻ നമുക്കായിട്ടില്ല. ഒരു പ്രാദേശിക ഭരണകൂടത്തിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന ഇടപെടൽ പൂർണ്ണ അർത്ഥത്തിൽ നടത്താൻ നമുക്കായിട്ടില്ല.*

*. ഓരോവാർഡിലുമുള്ള ഗ്രാമ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുക വഴി സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഹൈടെക് സംവിധാനം ആവിഷ്ക്കരിക്കുന്നതാണ്.*

*ലഭ്യമായ വിഭവങ്ങൾ യുക്തിസഹമായി വിലയിരുത്തി പഞ്ചായത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി ബജറ്റ് തയ്യാറാക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. വികേന്ദ്രീകൃത ആസൂത്രണമാണ് ലക്ഷ്യം വെക്കുന്നതെങ്കിലും സാമ്പത്തിക കേന്ദ്രീകൃതമായാണ് പദ്ധതികൾ നടപ്പിലാക്കേണ്ടിവരുന്നത്. ജനങ്ങളുടെ ആവശ്യങ്ങൾക്കുതകുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് പലപ്പോഴും സാധിക്കുന്നില്ല. പലപ്പോഴും സർക്കാർ നിർദ്ദേശിക്കുന്ന വിവിധ മിഷനുകൾ നടപ്പിലാക്കുന്നതിനാണ് ഫണ്ടുകൾ വകയിരുത്തപ്പെടുന്നത്. നമ്മുടെ കൂട്ടായ പ്രവർത്തനം വഴി ഈ ബജറ്റ് വിഭാവനം ചെയ്യുന്ന വികസന കാഴ്ചപ്പാട് പ്രാവർത്തികമാക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് 2025-2026 വർഷത്തെ ബജറ്റ് ഭരണ സമിതി മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.*

1. ***നികുതി – നികുതിയേതര വരുമാനം, വിവിധ ഗ്രാന്റുകളും ഫണ്ടുകളും, എന്നീയിനങ്ങളിൽപ്രതീക്ഷിക്കുന്ന വരവുകൾ :***

| ക്രമ നമ്പർ | ഇനം | പ്രതീക്ഷിക്കുന്ന വരവ് |
|---|---|---|
| 1 | നികുതി വരുമാനം | ₹ 69,96,000.00 |
| 2 | നികുതിയേതര വരവുകൾ | ₹ 39,28,000.00 |
| 3 | ജനറൽ പർപ്പസ് ഫണ്ട് | ₹ 1,78,40,000.00 |
| 4 | മറ്റു റവന്യൂ ഗ്രാന്റുകള് - പദ്ധതി ചെലവുകൾക്ക് | ₹ 16,14,00,500.00 |
| 5 | മറ്റു റവന്യൂ ഗ്രാന്റുകള് - പദ്ധതിയിതര ചെലവുകൾക്ക് | ₹ 7,00,00,000.00 |
| 6 | മൂലധന വരവുകൾ | ₹ 41,19,500.00 |
| | | **₹ 26,42,84,000.00** |

## *വിവിധ മേഖലകൾക്കുള്ള വകയിരുത്തലുകൾ*

1. **ലൈഫ് ഭവന പദ്ധതി പൂർത്തീകരണം**

ഏതൊരു സാധാരണരക്കാരന്റേയും സ്വപ്നമാണ് അടച്ചുറപ്പുള്ള സ്വന്തമായ ഒരു ഭവനം എന്നുള്ളത്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേക്കായി വെച്ചൂര്

ഗ്രാമപഞ്ചായത്ത് അതിവേഗം നടന്നടുക്കുകയാണ്. **26207000**/- തുക ഈ സ്വപ്നപദ്ധതിക്കായി വകയിരുത്തുന്നു.

| | |
|---|---|
| പി എം എ വൈ ജനറൽ | 700000 |
| പി എം എ വൈ എസ് സി | 280000 |
| വീട് മെയിന്റനൻസ് | 700000 |
| ഭവന നിർമ്മാണം | 24527000 |
| ആകെ | **26207000** |

2. ***<u>കാർഷിക മേഖല</u>***

വെച്ചൂർ തികച്ചും ഒരു കാർഷിക ഗ്രാമമായാണ് അറിയപ്പെടുന്നത്. മണ്ണിനേയും കൃഷിയേയും സ്നേഹിക്കുന്ന മികച്ച കർഷകരുടെ അധ്വാനത്തിന്റെ ഫലമായ് വിളഞ്ഞ് നിൽക്കുന്ന നെൽപ്പാടങ്ങളും പച്ചക്കറിത്തോട്ടവും നമ്മുടെ നാടിനെ നയന മനോഹരമാക്കുന്നു. നെൽകൃഷിയും അനുബന്ധകൃഷികളും പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികളാണ് പഞ്ചായത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. 2025-2026 വാർഷിക പദ്ധതിയിലും കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി **5798280**/- തുക വകയിരുത്തുന്നു.

*<u>പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.</u>*

| Project Name | Total |
|---|---|
| കൃഷി ഓഫീസ്- ഓഫീസ് ചെലവുകള് | 44500 |
| | |
| ഫലവൃക്ഷതൈ വിതരണം (വനിത) | 200000 |
| നെൽകൃഷി വികസനം | **3600**000 |
| വിവധ ജന്തുജന്യ രോഗങ്ങൾക്കെതിരെ വാക്സിനേഷനു വേണ്ടിയുള്ള | **30000** |
| കണ്ടിജെൻസി ചെലവുകള് | **30000** |
| സമഗ്ര കന്നുകാലി ഇൻഷ്വറൻസ് | **12000** |
| ആട് വളർത്തല് എസ് സി (വനിത | 141780 |
| ആട് വളർത്തല് ജനറല് (വനിത) | **150000** |

| | |
|---|---|
| കോഴി വളർത്തല് ജനറല് (വനിത) | 150000 |
| കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 300000 |
| പാലിന് സബ്സിഡി | **300000** |
| കർഷകർക്ക് കറവപ്പശു വാങ്ങി നൽകൽ | **390000** |
| മത്സ്യത്തൊഴിലാളികൾക്ക് വല നൽകല് | **200000** |
| മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാർഥികൾക്ക് ലാപ്ടോപ് | **250000** |
| ആകെ- | **5798280** |

3. *വനിതാ സൗഹൃദ ബജറ്റ്*

സ്ത്രീകളുടെ സ്വയം പര്യാപ്തത, അതിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം മുന് നിർത്തിയുള്ള പദ്ധതികള് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക എന്നതാണ് വനിതാ സൌഹൃദ ബജറ്റിലൂടെ ഉദ്ദേശിക്കുന്നത്. അതിലേയ്ക്കായ് താഴെ കൊടുത്തിരിക്കുന്ന വികസന പദ്ധതികൾക്കായി 27,16,780തുക വകയിരുത്തിയിരിക്കുന്നു.

4. *ആരോഗ്യം ശുചിത്വം*

| | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | ഫലവൃക്ഷതൈ വിതരണം (വനിത) | 200000 |
| 2 | വനിതകള്ക്ക് മുട്ടക്കോഴി വിതരണം ജനറല് | 150000 |
| 3 | ആട് വളർത്തൽ ജനറൽ | 150000 |
| 4 | ആട് വളർത്തൽ എസ് സി | 141780 |
| 5 | അടുക്കള നവീകരണം (SCP) | 375000 |
| 6 | അടുക്കള നവീകരണം ജനറൽ | 1300000 |
| 7 | സ്വയം തൊഴിൽ വനിതാഗ്രൂപ്പ് സംരംഭം ജനറൽ | 100000 |
| 8 | സ്വയം തൊഴിൽ വനിതാഗ്രൂപ്പ് സംരംഭം എസ് സി | 100000 |
| 9 | വനിതകൾക്ക് ഓപ്പൺ ജിം | 150000 |
| 10 | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 50000 |
| | ആകെ | 2716780 |

അഭിമാനകരമായ പ്രവർത്തനങ്ങളാല് മെച്ചപ്പെട്ട ആരോഗ്യ പരിചരണ

ശുചിത്വ സംവിധാനമാണ് നമുക്കുള്ളത് എന്ന് എടുത്തുപറയേണ്ട ഒരു കാര്യമാണ്. ആരോഗ്യ സംരക്ഷണ കാര്യത്തിൽ കൊച്ചുകുഞ്ഞുങ്ങൾ മുതൽ വൃദ്ധർ, കിടപ്പ് രോഗികൾ എന്നിവരെയെല്ലാം പരിഗണിച്ചു കൊണ്ടും അവർക്ക് വേണ്ടുന്ന സഹായത്തിനും ഊന്നല് നൽകിയിട്ടുള്ള പദ്ധതികളാണ് ഈ ബജറ്റിലും നടപ്പിലാക്കുന്നത്.

ആരോഗ്യ മേഖലയില് ആശപ്രവർത്തകരുടെ സേവനം വിലമതിക്കാനാവാത്തതാണ്. അതുപോലെ തന്നെ ശുചിത്വ മേഖലയിൽ ഹരിത കർമ്മസേനയുടെ പങ്ക് വളരെ വലുതാണ്. താഴെപ്പറയുന്ന പദ്ധതിക്കായി ആരോഗ്യ ശുചിത്വ മേഖലയിൽ **48**27070/- തുക വകയിരുത്തുന്നു.

*പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.*

| ProjNo | Project Name | Total |
|---|---|---|
| 30 | സി എച്ച് സി യിലെ കണ്ടിജന്റ് ചെലവുകൾ | 150000 |
| 38 | ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങല് | 951500 |
| 40 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നും, അനുബന്ധ സാധനങ്ങളും വാങ്ങൽ | 250000 |
| 60 | അതിദരിദ്രർക്കുവേണ്ടിയുള്ള മൈക്രോപ്ലാൻ -മരുന്ന് നൽകല് | 25000 |
| 54 | ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 50000 |
| 39 | വയോജനങ്ങൾക്ക് ആയുർവേദ മരുന്ന് വാങ്ങല് | 100570 |
| 73 | പാലിയേറ്റിവ്കെയർ | 1000000 |
| | ആകെ | **2527070** |

ആരോഗ്യം, ശുചിത്വം എന്നിവയ്ക്ക് ഊന്നൽ നൽകി. താഴെപ്പറയുന്ന പദ്ധതികൾക്കായി ആരോഗ്യ ശുചിത്വമേഖലയില് 23,00,000തുക വകയിരുത്തുന്നു.

| | |
|---|---|
| ഹരിതകർമ്മസേനാംഗങ്ങൾക്ക് സഹായ ഉപകരണങ്ങൾ | 350000 |
| ലഗസി മാലിന്യം നീക്കം ചെയ്യുന്നതിന് വിഹിതം നൽകല് | 150000 |
| വീടുകളിൽ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ/ കമ്പോസ്റ്റ് | 500000 |
| നൂതന പദ്ധതി- ശാസ്ത്രീയമായ രീതിയിൽ ടൊയ്ലറ്റ് മാലിന്യ സംസ്കരണം പരിപോഷിപ്പിക്കുന്നതിന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകൽ | 500000 |
| വിവിധ തോടുകൾ ആഴം കൂട്ടി പുനരുദ്ധാരണം | **900000** |
| | 2300000 |

5. ***<u>വിദ്യാഭ്യാസം –യുവജന ക്ഷേമം</u>***

യുവജനങ്ങളുടേയും വിദ്യാർത്ഥികളുടേയും ആവശ്യങ്ങള് കണ്ടറിഞ്ഞുള്ള വിവധ പദ്ധതികൾക്കുള്ള തുക ഈ ബജറ്റില് വകയിരുത്തുന്നു.

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉന്നത നിലവാരത്തില് എത്തിക്കുക, കലാകായിക അഭിരുചിയുള്ള കുട്ടികൾക്ക് പ്രോത്സാഹനം നൽകുക, യുവജനങ്ങളുടെ കലാകായിക രംഗത്തെ മികവ് ലക്ഷ്യമാക്കി കലാസന്ധ്യ, വെച്ചൂർ വോളിബോള് ടൂർണമെന്റ് എന്നിവ നടപ്പിലാക്കുവാനായ് 13,00,000/- തുക വകയിരുത്തുന്നു.

*<u>പ്രധാന പദ്ധതികൾ</u>*

| | |
|---|---|
| എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി (SCP) | 850000 |
| അങ്കണവാടി കുട്ടികളുടെ കലോത്സവം | 15000 |
| സ്കൂളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങള് നൽകല് | 35000 |
| TERAFF CONSTRUCTION | 200000 |
| കേരളോത്സവം | 200000 |

ആകെ --------------1300000

6. ***ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ***

*ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ, ഭിന്നശേഷിക്കാരുടെ കുടുംബ സംഗമവും കലാ കായിക മേളയും എന്നീ പദ്ധതികൾ വരും വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മേൽപ്പടി പ്രവർത്തനങ്ങൾക്ക്* 6,50,000/- *രൂപ വകയിരുത്തുന്നു. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.*

| | |
|---|---|
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും എസ് സി | 28500 |
| ഭിന്നശേഷികുട്ടികളുടെ കലോത്സവം | 15000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 596500 |
| | 650000 |

7. ***സദ്ഭരണം***

*പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിന്നും, ഘടകസ്ഥാപനങ്ങളിൽ നിന്നും തൃപ്തികരമായ സേവനം നൽകുന്നതിനായി പഞ്ചായത്ത് ഘടകസ്ഥാപനങ്ങൾ ഉൾപ്പെടെ കമ്പ്യൂട്ടറൈസ് ചെയ്തും, രേഖകൾ ഡിജിറ്റലൈസ് ചെയ്തും, ഫ്രണ്ട് ഓഫീസ് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച് തൻ വർഷം ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കുകയും ചെയ്തിട്ടുള്ളതാണ്.* **മേല്‌പ്പടി** *പ്രവർത്തനങ്ങൾക്ക്* 4255615/ *രൂപ വകയിരുത്തുന്നു.*

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ റഫറൻസ് ലൈബ്രറി | 50000 |
| കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വാർഷിക മെയിന്റനൻസ് | 60000 |
| തെരുവ് നായ്ക്കൾക്കുള്ള വാക്സിനേഷന് | 70000 |

| | |
|---|---|
| ഐ എസ് ഒ റീസർട്ടിഫിക്കേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങള് | 80000 |
| ലൈബ്രറികളിലേയ്ക്ക് പുസ്തകം വാങ്ങൽ, അനുബന്ധ സൌകര്യങ്ങൾ ഒരുക്കൽ | 80000 |
| ഐ കെ എം ന് വിഹിതം നൽകല് | 90000 |
| പദ്ധതി നിർവ്വഹണ സഹായിയ്ക്ക് വേതനം | 108000 |
| എസ് എസ് എ വിഹിതം നൽകല് | 160980 |
| തെരുവ് വിളക്ക് വാങ്ങലും പരിപാലനവും | 200000 |
| പദ്ധതി രൂപീകരണം മോണിറ്ററിംഗ് നിർവ്വഹണം | 202900 |
| എ ബി സി പദ്ധതി വിഹിതം നൽകൽ | 300000 |
| ഡബിൾ ചേംബർ ഇൻസിലിനേറ്റർ - വിഹിതം നൽകൽ | 300000 |
| ടെക്നിക്കൽ അസിസ്റ്റൻറ് വേതനം | 402935 |
| അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 700800 |
| ലൈഫ് മിഷൻ വായ്പ മുതല് തിരിച്ചടവ് ജനറല് | 1100000 |
| മാലിന്യസംസ്കരണം- നിരീക്ഷണ ക്യാമറ തുടർ പരിപാലനം | 100000 |
| ശുചിത്വ മാലിന്യ സംസ്കരണം -ഐ ഈ സി പ്രവർത്തനങ്ങൾ | 50000 |
| മാലിന്യനിക്ഷേപം തടയുന്നതിന് പാതയോരങ്ങളിൽ സൌന്ദര്യ വൽക്കരണം | 200000 |
| ആകെ | 4255615 |

*8.* ***പശ്ചാത്തല മേഖല***

*നിലവിലെ റോഡ് ആസ്തികളുടെ സംരക്ഷണത്തിന് 1,94,59,000 രൂപയും തോട് ആഴം കൂട്ടി പുനർ നിർമ്മാണത്തിന്* 700000 *രൂപയും ഓരുമുട്ട് നിർമ്മാണത്തിന് 3.75 കക്ഷം രൂപയും* ചീപ്പ് നിർമ്മാണം-27,62,870/- ഡെസ്റ്റിനേഷൻ ചലഞ്ച് 2449500 *ആകെ പശ്ചാത്തല മേഖലയിലെ പ്രവർത്തനങ്ങൾക്കായി* ***30067370*** */– വകയിരുത്തുന്നു.*

| | |
|---|---|
| ചീപ്പ് നിർമ്മാണം | 2762870 |

| | |
|---|---|
| വിവിധ റോഡുകളുടെ മെയിന്റനൻസ് | 19459000 |
| അങ്കണവാടി കെട്ടിടങ്ങളുടെ മെയിന്റനൻസ് | 388000 |
| അസിസ്റ്റൻറ് എഞ്ചിനീയറുടെ വാഹന വാടക | 108000 |
| ഗ്രാമ പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | 50000 |
| ഗ്രാമ പഞ്ചായത്ത് ഓഫീസ് പെയിന്റിങ് മെയിന്റനൻസ് | 50000 |
| റോഡ് നിർമ്മാണം -വാർഡ് 06 | 100000 |
| വനിതകൾക്ക് ഓപ്പൺ ജിം | 150000 |
| തെരുവ് വിളക്ക് വാങ്ങലും പരിപാലനവും | 200000 |
| പഞ്ചായത്തിൽ ടർഫ് നിർമ്മിക്കുന്നതിനായി സ്ഥലം ഒരുക്കൽ | 200000 |
| റോഡ് നിർമ്മാണം -വാർഡ് 07 | **300000** |
| മൂരിപ്പത്ത് റോഡ് നിർമ്മാണം -വാർഡ് 09 | **300000** |
| റോഡ് നിർമ്മാണം - വാർഡ് 1 | 500000 |
| ഡെസ്റ്റിനേഷൻ ചലഞ്ച് | 2449500 |
| വിവിധ തോടുകൾ ആഴം കൂട്ടി പുനരുദ്ധാരണം | 900000 |

| | |
|---|---|
| റോഡുകളിൽ മലിനജലം ഒഴുകുന്നത് ഒഴിവാക്കുന്നതിന് ഓട നിർമ്മാണം | 700000 |
| റോഡുകളിൽ മലിനജലം ഒഴുകുന്നത് ഒഴിവാക്കുന്നതിന് പൈപ്പ് സ്ഥാപിക്കൽ | 150000 |
| ഓരുമുട്ട് നിർമ്മാണം | 300000 |
| പട്ടത്താനം-തറവാതുക്കൽ- റോഡ് നിർമ്മാണം വാർഡ്- 09 | 1000000 |
| സബ് സെന്ററർ ചുറ്റുമതിൽ നിർമ്മാനം | 600000 |

***30067370***

.

## 9. കുടിവെള്ളം

നമ്മുടെ പഞ്ചായത്തില് ഗാർഹിക കുടിവെള്ള കണക്ഷന് ഏകദേശം മുഴുവൻ വീടുകളിലും ലഭ്യമാക്കിയിട്ടുണ്ട്.എങ്കിലും വേനൽ കാലങ്ങളില് ശുദ്ധജല ലഭ്യത ഉറപ്പാരുത്തുക എന്ന ലക്ഷ്യത്തോടെ പരമ്പരാഗത കുടിവെള്ള സ്രോതസ്സായ കിണർ റീ-ചാർജ്ജ് ചെയ്യുക, ശുദ്ധിയാക്കുക, പുതിയവ നിർമ്മിക്കുക, സംരക്ഷണ ഭിത്തി, നെറ്റ് എന്നിവ നിർമ്മിച്ച് കിണറുകള് നവീകരിച്ച് വർഷം മുഴുവനും കുടിവെള്ള ലഭ്യത ഉറപ്പാരുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

| | |
|---|---|
| കുടിവെള്ള ദുരുപയോഗം തടയുന്നത് സംബന്ധിച്ച ഐ ഈ സി പ്രവർത്തനങ്ങൾ | 50000 |
| പൊതു കിണറുകളുടെ അറ്റകുറ്റപ്പണി | 200000 |
| ചീപ്പ് നിർമ്മാണം | 2762870 |
| കുടിവെള്ള വിതരണം | 100000 |

3112870

## 10. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിവിധ ഭവന പദ്ധതികൾ കൂടാതെ സേവന മേഖലകളിലായി 5552000/- രൂപ വകയിരുത്തുന്നു. ഭവന പുനരുദ്ധാരണം, പഠന മുറി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്നിവയ്ക്ക് തുക വകയിരുത്തുന്നു.

പ്രധാന പദ്ധതികൾ

| | |
|---|---|
| എസ് എസ് എ വിഹിതം നൽകല് എസ് സി | 76720 |
| ലൈഫ് മിഷൻ വായ്പ തിരിച്ചടവ് എസ് സി | 900000 |
| ആട് വളർത്തല് എസ് സി-വനിത | 141780 |
| ലൈഫ് മിഷൻ പദ്ധതി -എസ് സി | 1687000 |
| വീട് മെയിൻറനൻസ് -എസ് സി | 700000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും എസ് സി | 28500 |
| എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | 850000 |
| സ്വയം തൊഴില് വനിതാഗ്രൂപ്പ് സംരംഭം-എസ് സി | 150000 |
| പി എം എ വൈ വിഹിതം എസ് സി | 280000 |
| അടുക്കള നവീകരണം (SCP) | 375000 |
| | 5552000 |

## വയോജനം

| | | | | | |
|---|---|---|---|---|---|
| 1 | വയോജനങ്ങൾക്ക് വിനോദയാത്ര | Plan(Gen) | ICDS | സേവനം | 390000 |
| 2 | വയോജനങ്ങൾക്ക് കട്ടിൽ | Plan(Gen) | ICDS | സേവനം | 410000 |
| | വയോജനങ്ങൾക്കുള്ള ആയൂർവേദ മരുന്ന് | Plan(Gen) | Mo(Ayu) | സേവനം | 100570 |
| 4 | വയോജനോത്സവം | Plan(Gen) | ICDS | സേവനം | 90000 |

*<u>വിഭവ സമാഹരണം</u>*

*വികസനക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ വിഭവ സമാഹരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതായുണ്ട്. 2025-26 വാർഷിക പദ്ധതികൾ വികസന സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികളെ അടിസ്ഥാനമാക്കിയാണ് വാർഷിക ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.*

*ു. വിഭവ സമാഹരണ രംഗത്ത് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.*

1. *വസ്തു നികുതി പിരിച്ചെടുക്കുന്ന ഇനത്തിൽ* 69.96 *ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.*
2. *പ്രൊഫഷൻ ടാക്സ്* 22 *ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.*
3. *സേവന നികുതി 3.42 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.*
4. *മറ്റ് നികുതി ഇതര വരവുകളായി* 39.28 *ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.*

## *<u>ഉപ സംഹാരം</u>*

ഒരു നാടിന്റെ വികസന സങ്കൽപ്പങ്ങള്, സ്വപ്ന പദ്ധതികൾ എന്നിവ നടപ്പിലാക്കേണ്ടത് ഏതെങ്കിലും ഒരു നിശ്ചിത കാലത്തേക്കോ നിശ്ചയിക്കപ്പെട്ട കാലമോ മുൻനിർത്തിയല്ലാതെ കാലത്തിന്റെയും കാലവസ്ഥയുടേയും മാറ്റങ്ങള്

ഉൾക്കൊണ്ടും മാറ്റങ്ങൾക്ക് വിധേയമാകുന്ന ജനങ്ങളുടെ ജീവിത നിലവാരം മുൻനിർത്തിയും പരിമിതികള് എന്തെല്ലാമെന്ന് മനസ്സിലാക്കി അവ പരിഹരിച്ചു കൊണ്ടും അനുസ്യൂതം തുടർന്ന് പോരേണ്ട മഹത്തായ കടമകളില് ഒന്നാണ്. നമ്മുടെ നാടിന്റെ കൂടെ സ്വത്തായ കുഞ്ഞുങ്ങളും വിദ്യാർത്ഥികളും യുവജനങ്ങളും അടങ്ങുന്ന ഭാവി തലമുറയെ മികച്ച രാജ്യബോധവും പൊതു ബോധവുമുള്ള പൌരൻമാരരായി വളത്തിയെടുക്കുവാന് പരിശ്രമിക്കുന്നതിലൂടെ മാത്രമെ ഒരു നാടിന്റെ വികസന സ്വപ്നങ്ങള് പൂർത്തീകരിക്കാനാവുകയുള്ളൂ. ആ മഹത്തായ സ്വപ്നസാക്ഷാൽക്കാരത്തിനായും നമ്മുടെ നാടിന്റെ തുടര് വികസന സ്വപ്നങ്ങൾക്കായും നമുക്കെല്ലാവർക്കും ഒന്നിച്ചു കൈകോർക്കാം.

സ്നേഹാദരങ്ങളോടെ

*വെച്ചൂർ* — ***ബിൻസി ജോസഫ്***

*17.03.2025* — ***വൈസ് പ്രസിഡന്റ്***